# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.08/212/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 10/03/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ (AIMS മുഖേന)
2.അസിസ്റ്റൻറ് ഡെവലപ്പ്മെന്റ് കമ്മീഷണർ
3.കാര്യലയ പകർപ്പ്

നമ്പർ: കെ.എസ്.എ.എം.പി.എം.08/212/2023 തീയ്യതി: 10/03/2023

## മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-01-2022 മുതൽ 24-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സതീഷ് മാവേലി പുത്തൻ വീട് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 25-01-2023 | 31-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-01-2023 | 31-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. റിഷിൽ.പി.(ഓഡിറ്റ് ഓഫീസർ )
ശ്രീ. മുഹമ്മദ് സിയാദ്.പി.പി. (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ )
ശ്രീ. ഇദ്രീസ് അബ്ദുള്ള (ഓഡിറ്റർ)
ശ്രീമതി സുജിത.പി.കെ.(ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. വസീമാ വേളേരി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. ബഷീർ എ | സെക്രട്ടറി | 01-04-2021 | 07-05-2021 |
| ശ്രീ. ദിവാകരൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-05-2021 | 18-05-2021 |
| ശ്രീ. റഷീദ് സി | സെക്രട്ടറി | 19-05-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ദീപ എ.എസ് | സി.ഡി.പി.ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി. സൂസമ്മ ജോർജ് | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2021 | 12-10-2021 |
| ശ്രീ. വിനോദ് കുമാർ പി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 13-10-2021 | 31-03-2022 |
| ശ്രീമതി. തനൂജ കെ | സി.ഡി.പി.ഒ -അഡിഷണൽ | 01-04-2021 | 08-11-2021 |
| ശ്രീമതി. ബിന്ദു കുമാരി എൽ.വി | സി.ഡി.പി.ഒ -അഡിഷണൽ | 09-11-2021 | 31-03-2022 |
| ശ്രീ. മനോജ് കുമാർ എം.എസ് | അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീമതി. നന്ദിത എം.ടി | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ. അശോകൻ പി.കെ | എസ്.സി.ഡി.ഒ | 01-04-2021 | 31-03-2022 |
| ശ്രീ. മുഹമ്മദ് നാസിം ഇ.പി | ഡയറി ഫാം എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. അലിയാമു ടി.കെ | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ശ്രീ. മുഹമ്മദ് ഫവാസ് | ഐ.ഇ.ഒ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-4 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4-1 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 13 | മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പ്ലോട്ടുകൾ പാട്ടത്തിന് നൽകൽ-അപാകതകൾ | 1-12 |
| 14 | വിനിയോഗ വിവരം ലഭ്യമായില്ല | 1-13 |
| 15 | കാഷ്ബുക്ക് ശരിയായി എഴുതിയിട്ടില്ല. | 1-14 |
| 16 | ലൈഫ് ഭവന പദ്ധതി:വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 1-15 |
| 17 | മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല. | 1-16 |
| 18 | MGNREGS അഡ്വാൻസ് ക്രമീകരിച്ചില്ല | 1-17 |
| 19 | ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-18 |
| 20 | എസ് . സി വിദ്യാർത്ഥികൾക്ക് പഠന മുറി - പണി പൂർത്തീകരിച്ചിട്ടില്ല | 1-19 |
| 21 | സർക്കാർ ഉത്തരവ് പാലിക്കാതെ ARTCO യിൽ നിന്നു സാധനങ്ങൾ വാങ്ങി | 1-20 |
| 22 | കുറ്റിപ്പുറം താലൂക്ക് ആശുപത്രി വാട്ടർ സപ്ലൈ സ്കീം - പ്രവൃത്തിയുടെ തുടർ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-21 |
| 23 | അസി.എക്സി.എഞ്ചിനീയറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടർ, UPS, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ - പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 1-22 |
| 24 | കണക്കിൽ പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു. | 1-23 |
| 25 | കുറ്റിപ്പുറം താലൂക്ക് ആശുപത്രി ഇമേജ് വേസ്റ്റ് സ്റ്റോറേജ് യൂണിറ്റ്, ടോയ്‌ലറ്റ് യൂണിറ്റ് നിർമ്മാണം - കെട്ടിടം തുറന്ന് കൊടുക്കാത്തതിനാൽ ഉപയോഗിക്കാൻ കഴിയുന്നില്ല. | 1-24 |

| | | |
|---|---|---|
| 26 | മാർഗ്ഗരേഖക്ക് വിരുദ്ധമായി പദ്ധതികൾ തയ്യാറാക്കി നടപ്പാക്കി | 1-25 |
| 27 | ഓഡിറ്റ് റിപ്പോർട്ടിൽ സ്വീകരിച്ച തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്. | 1-26 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| 2021-22 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത്) തീരുമാന നം./തിയ്യതി |
|---|---|
| 1(1) 24.02.2021 | പുതുക്കിയിട്ടില്ല |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 08.07.2021 | 08.11.2022 | --- | ---- |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13777549 |
| വരവ് | 75161455 |
| ആകെ | 88939004 |
| ചെലവ് | 68559416 |
| നീക്കിയിരിപ്പ് | 20379588 |

## 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 28951264 | 28951264 | 28002000 | 949264 |
| വികസനഫണ്ട് എസ്.സി.പി. | 0 | 11135000 | 11135000 | 10899941 | 235059 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 9380251 | 9380251 | 5191206 | 4189045 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied Grant) | 0 | 9341323 | 9341323 | 3974869 | 5366454 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied Grant) | 0 | 5844917 | 5844917 | 2983925 | 2860992 |

## 1-4-1 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് പത്രിക, എ.സി.ആർ എന്നിവ പ്രകാരം താഴെ പറയുന്ന ഫണ്ടിലെ ചെലവ് തുകയിലെ വ്യത്യാസം പട്ടികയിൽ ചേർക്കുന്നു.

| ഫണ്ട് | എ.സി.ആർ | ഗ്രാന്റ് പത്രിക | വ്യത്യാസം |
|---|---|---|---|
| Maintenance Fund Non Road | 5191206 | 5138312 | 52894 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 116 | 103829317 | 100 | 55597633 | 0 | 16 | 86% |

## 1-6 തൊഴിലുറപ്പ് പദ്ധതി

ബാധകമല്ല

## 1-7 ക്ഷേമപദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.01.2023 ന് 10.15 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. ക്യാഷ് ഇനത്തിൽ ബാലൻസ് ഉണ്ടായിരുന്നില്ല.

## 1-9 ആഭ്യന്തര നിയന്ത്രണം

1.സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09 സർക്കുലർ. , 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 (4)(ബി)).ആയത് പാലിച്ചിട്ടില്ല.

2.ഗവ.സർക്കുലർ 86/2010/ ഫിൻ തീ.24.09.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ്‌വെയർ ,സോഫ്റ്റ് വെയർ എന്നിവയ്ക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടർ ഹാർഡ്‌വെയർ സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

3.ലീസ്, വാടക എന്നീ ഇനങ്ങളിലുള്ള തനത് വരവുകൾ പിരിച്ചെടുക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട് (പ്രത്യേക ഖണ്ഡിക കാണുക)

4. തനത് ഫണ്ട് വൌച്ചറുകളിൽമേൽ സാംഖ്യ ബില്ലുകൾ പ്രിന്റ് എടുത്ത് വച്ചിട്ടില്ല.

5. <u>രേഖകളുടെയും രജിസ്റ്ററുകളുടെയും പരിപാലനം:</u>
1.വാടക-ലീസ് രജിസ്റ്ററിൽ സംഗ്രഹം രേഖപ്പെടുത്തിയിട്ടില്ല.
2.മുൻകൂർ രജിസ്റ്റർ,ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ അപൂർണ്ണമാണ്.
3.സെക്രട്ടറി ഉൾപ്പെടെയുള്ള നിർവഹണ ഉദ്യോഗസ്ഥർ പ്രൊജക്ട് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.
4.ചുമതല ഏറ്റെടുക്കുന്ന നിർവഹണ ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ സ്ഥിര മേൽ വിലാസം,കാലയളവ് തുടങ്ങിയ വിശദാംശങ്ങൾ ചേർത്ത് കാലികമാക്കി മാസ്റ്റർ ഇൻകുമ്പൻസി രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.04.2022 മുതൽ 31.04.2022 വരെ | 2021-22 | 28.05.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.01.2019 മുതൽ 22.01.2019 വരെ | 01.08.2016 31.12.2018 | 28.03.2019 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1. വാർഷികകണക്ക്, എ.സി.ആർ എന്നിവ പ്രകാരം താഴെ പറയുന്ന ഫണ്ടുകളിലെ ചെലവ് തുക പൊരുത്തപ്പെടുന്നില്ല.

| ഫണ്ട് | എ.സി.ആർ | വാർഷികകണക്ക് | വ്യത്യാസം |
|---|---|---|---|
| Maintenance Fund Non Road Asset | 5191206 | 5138312 | 52894 |
| CFC- Tied | 3974869 | 8451917 | 4477048 |
| CFC- Untied | 2983925 | 6673392 | 3689467 |

2. താഴെ പറയുന്ന അക്കൗണ്ടിന്റെ 31.03.2022 ലെ ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാങ്ക് ബുക്ക് ബാലൻസ്, വാർഷികകണക്കിലെ ബാങ്ക് ബുക്ക് ബാലൻസ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ബാങ്ക് അക്കൗണ്ട് | വാർഷികകണക്ക് പ്രകാരം | റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം |
|---|---|---|
| കെ.ജി.ബി(40254100101585) | 2289139 | 2257404 |
| Canara Bank IAY | 6901148 | 6901166 |

| | | |
|---|---|---|
| Plan(0859101048524) | | |

3. Total Sanitation Campaign (TSC) ഫണ്ടിലെ ബാലൻസ് വാർഷികകണക്കിലെ B-4 ഷെഡ്യൂൾ പ്രകാരം 1888183/-രൂപയും, B-17 ഷെഡ്യൂൾ പ്രകാരം 1871881/- രൂപയുമാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

4. വാർഷികകണക്കിലെ B-7 ഷെഡ്യൂൾ പ്രകാരം Deposits Received ഇനത്തിൽ 143011/-രൂപ ബാലൻസ് ഉണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

5. വാർഷികകണക്കിലെ B-18 ഷെഡ്യൂൾ പ്രകാരം Loans Advances And Deposits ഇനത്തിൽ 3514267/-രൂപ ബാലൻസ് ഉണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

6. Rent Registerൽ സംഗ്രഹം എഴുതി സൂക്ഷിക്കാത്തതിനാൽ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി പരിശോധിക്കാനായിട്ടില്ല.

7. സംയുക്ത പദ്ധതി -ഗ്രാമ പഞ്ചായത്തുകളുടെ വിഹിതം ചെലവ് തുക സുലേഖ ചെലവ് പത്രിക, വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

| സുലേഖ ചെലവ് പത്രിക പ്രകാരം | വാർഷികകണക്ക് പ്രകാരം | വ്യത്യാസം |
|---|---|---|
| 1050000 | 1120000 | 70000 |

8. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

9. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പഴയ ആസ്തികളുടെ വിവരങ്ങൾ പൂർണ്ണമല്ല. വാർഷിക കണക്ക് ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-12 മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പ്ലോട്ടുകൾ പാട്ടത്തിന് നൽകൽ-അപാകതകൾ

ചെറുകിട വ്യവസായം തുടങ്ങുന്നതിന് താൽപര്യമുള്ള സംരംഭകർക്ക് ബ്ലോക്ക് പഞ്ചായത്ത് ഉടമസ്ഥയിൽ താണിയപ്പൻകുന്നിൽ സ്ഥിതി ചെയ്യുന്ന മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പ്ലോട്ടുകൾ പാട്ടത്തിന് നൽകുന്നതിനായി രൂപീകരിച്ച ബൈലോക്ക് സ.ഉ(സാ.ധ) നം.658/2017/ത.സ്വ.ഭ.വ തീ.09.03.2017 പ്രകാരം അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. ബ്ലോക്ക് പഞ്ചായത്ത് ഉടമസ്ഥയിൽ താണിയപ്പൻകുന്നിൽ സ്ഥിതി ചെയ്യുന്ന മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ആകെ 249 സെന്റ് സ്ഥലമാണ് ഉള്ളത്. ഇതിൽ 221.6 സെന്റ് സ്ഥലം പഞ്ചായത്ത് കമ്മിറ്റിയുടെ 29.12.2017 ലെ 4(1) തീരുമാന പ്രകാരം ഒമ്പത് പേർക്കായി അപേക്ഷ പ്രകാരം അനുവദിച്ച് നൽകിയിരുന്നു.

ബൈലോ പ്രകാരം വ്യവസായ പ്ലോട്ടിലെ സ്ഥലം അനുവദിച്ച് കിട്ടിയാൽ ലീസ് പ്രീമിയം തുക അടവാക്കി 30 ദിവസത്തിനകം കരാറിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ ഒമ്പത് പേരിൽ രണ്ട് പേര് ഒഴികെ മറ്റുള്ളവർ ഇതുവരെ ലീസ് എഗ്രിമെന്റ് വെച്ചിട്ടില്ല. കൂടാതെ ലീസ് പ്രീമിയം തുകയിൽ 40% കരാറിൽ ഏർപ്പെടുന്നതിന് മുമ്പും ബാക്കി 60% ഒരു വർഷത്തിനുള്ളിലും അടവാക്കേണ്ടതാണ്. എന്നാൽ ഭൂമിയുടെ പാട്ടതുക അടവാക്കാൻ ഇനിയും ബാക്കി നിൽക്കുന്നുണ്ട്. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പ്ലോട്ട് അനുവദിച്ചതുമായി ബന്ധപ്പെട്ട വിവരങ്ങൾ താഴെ ചേർക്കുന്നു.

| പാട്ടക്കാരന്റെ പേര് (പാട്ടഭൂമി അളവ്) | എഗ്രിമെന്റ് വിവരം | പാട്ടതുക | അടവാക്കിയത് | ബാലൻസ് |
|---|---|---|---|---|
| അഹമ്മദ് റഫീഖ് (50 സെന്റ്) | എഗ്രിമെന്റ് വെച്ചു | 1044630 | 1044630 | 0 |
| ഷംസീർ ബാബു (10 സെന്റ്) | എഗ്രിമെന്റ് ഇല്ല | 208925 | 208925 | 0 |
| മുഹമ്മദ് റാഫി (28 സെന്റ്) | എഗ്രിമെന്റ് ഇല്ല | 490957 | 490957 | 0 |
| കൃഷ്ണ കുമാർ (15 സെന്റ്) | എഗ്രിമെന്റ് ഇല്ല | 319660 | 319660 | 0 |
| ഹാരിസ് ബാബു (15 സെന്റ്) | എഗ്രിമെന്റ് ഇല്ല | 319660 | 0 | 319660 |
| അബ്ദുൾ ജലീൽ (15 സെന്റ്) | എഗ്രിമെന്റ് ഇല്ല | 319660 | 319660 | 0 |
| ഒ.പി കുഞ്ഞിമുഹമ്മദ് (33 സെന്റ്) | എഗ്രിമെന്റ് ഇല്ല | 284138 | 0 | 284138 |
| ഷെമീന വി.പി (25 സെന്റ്) | എഗ്രിമെന്റ് വെച്ചു | 417850 | 417850 | 0 |
| അനൂപ്. പള്ളിയാലിൽ (13.6 സെന്റ്) | എഗ്രിമെന്റ് ഇല്ല | 284138 | 0 | 284138 |
| ആകെ | | | | 887936 |

ബൈലോ പ്രകാരം പാട്ടതുകക്ക് പുറമേ കരാറിന്റെ തുടർന്നുള്ള വർഷങ്ങളിൽ ഒരു ആർ ഭൂമിക്ക് 1000/- രൂപ നിരക്കിൽ വാർഷിക ലീസ് വാടക പാട്ടക്കാരൻ അടവാക്കേണ്ടതാണ്. ഈ തുകയിൽ കുടിശ്ശികയുള്ള തുകയുടെ വിവരം താഴെ ചേർക്കുന്നു.

| പാട്ടക്കാരന്റെ പേര് | കുടിശ്ശിക |
|---|---|
| മുഹമ്മദ് റാഫി | 47570 |
| അബ്ദുൾ ജലീൽ | 12388 |
| ഹാരിസ് ബാബു | 30970 |
| ഒ.പി കുഞ്ഞിമുഹമ്മദ് | 27530 |
| അനൂപ്. പി | 27530 |
| ഷംസീർ ബാബു | 12150 |
| | 158138/- |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ-10/2021-22തിയ്യതി - 30.01.2023)ക്ക് ലഭ്യമാക്കിയ മറുപടിയിൽ മുഴുവൻ പാട്ടക്കാരും കരാറിൽ ഏർപ്പെട്ടിട്ടുണ്ട് എന്ന് അറിയിച്ചു. എന്നാൽ രേഖകൾ പരിശോധിച്ചതിൽ ഇത് പ്രാഥമിക ധാരണപത്രം മാത്രമാണ്. കൂടാതെ ശ്രീ.അനൂപ് പള്ളിയാലിൽ പാട്ട തുകയുടെ 40%, അതായത് 113655/-രൂപ 24.01.2022 ലെ DD No.00239 പ്രകാരം അടവാക്കിയിട്ടുണ്ടെന്നും ബാക്കി 60% അടവാക്കാനുണ്ടെന്നും, പാട്ടതുകയിൽ ഇതു വരെ ഒന്നും അടവാക്കാത്തവർക്ക് അനുവദിച്ച ഭൂമി ലേലം ചെയ്യുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട് എന്നും, പാട്ടം വാടക കുടിശ്ശിക തുക പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കുന്നുണ്ട് എന്നും അറിയിച്ചു.

മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ഒഴിവായി കിടക്കുന്ന 27.4 സെന്റ് സ്ഥലം പാട്ടത്തിന് നൽകുന്നതിനും, പാട്ടത്തിന് നൽകിയ ഭൂമിക്ക് മേൽ കരാർ വെക്കുന്നതിനും, പാട്ടം/ പാട്ട വാടക ഇനത്തിൽ കുടിശ്ശികയുള്ള തുക ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതും ഇതുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ കാലികമാക്കേണ്ടതുമാണ്. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 വിനിയോഗ വിവരം ലഭ്യമായില്ല

2021-22 വർഷത്തിൽ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പരിരക്ഷ പാലിയേറ്റീവ് കെയർ ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ (പ്രോജക്റ്റ് നം-70/2021-22) പദ്ധതി പ്രകാരം വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് ചുവടെ ചേർത്തിരിക്കുന്ന പ്രകാരം വിഹിതം നൽകിയിരുന്നു.

<table>
<tr><th>BRN/ തുക</th><th>ഗ്രാമ പഞ്ചായത്തുകൾ</th></tr>
<tr><td rowspan="4">21150863019800862521/30.12.2021<br>716090/-രൂപ<br>വികസന ഫണ്ട് (ജനറൽ)</td><td>ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത്-66090/-രൂപ</td></tr>
<tr><td>എടയൂർ ഗ്രാമ പഞ്ചായത്ത്-150000 /-രൂപ</td></tr>
<tr><td>കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത്- 350000/-രൂപ</td></tr>
<tr><td>കൽപ്പകഞ്ചേരി ഗ്രാമ പഞ്ചായത്ത്-150000/-രൂപ</td></tr>
<tr><td>21150863019801047707/02.02.2022<br>150000/-രൂപ<br>വികസന ഫണ്ട് (ജനറൽ)</td><td>മാറാക്കര ഗ്രാമ പഞ്ചായത്ത്-150000/-രൂപ</td></tr>
</table>

മേൽ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്നത് വരെ 866090/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. ഇത് സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി (നമ്പർ.03/2021-22 തിയ്യതി -28.01.2023) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-14 കാഷ്ബുക്ക് ശരിയായി എഴുതിയിട്ടില്ല.

ഒരു ഓഫീസിലെ സാമ്പത്തിക ഇടപാടുകളുടെ അടിസ്ഥാന രേഖയാണ് കാഷ്ബുക്ക്. കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും TR7A മാതൃകയിലുള്ള കാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നം ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുമുണ്ട്.

അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ഓഫീസിലെ കാഷ്ബുക്ക് ശരിയായി എഴുതി സൂക്ഷിച്ചിട്ടില്ല.

വിശദവിവരം താഴെ ചേർക്കുന്നു.

1.കാഷ്ബുക്ക് ദിനേന, പ്രതിമാസ ക്ലോസിംഗ് നടത്തിയിട്ടില്ല.

2.പരിശോധനക്ക് ഹാജരാക്കിയ കാഷ്ബുക്കിൽ വരവ് ചെലവുകളുടെ രസീത്/ ബിൽ, വൗച്ചർ നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

3.2021-22 വർഷത്തെ മുഴുവൻ വരവ് ചെലവുകളും കാഷ്ബുക്കിൽ എഴുതിയിട്ടില്ല.

4.കാഷ്ബുക്ക് രേഖപ്പെടുത്തലുകൾ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5.അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ട്രഷറി , ബാങ്ക് അക്കൗണ്ടിലെ വരവ്, ചെലവ്, നീക്കിയിരുപ്പ് വിവരങ്ങൾ കാഷ്ബുക്കിൽ ചേർത്തിട്ടില്ല.

കാഷ്ബുക്ക് ശരിയായി എഴുതി തയ്യാറാക്കേണ്ടതാണ്.

## 1-15 ലൈഫ് ഭവന പദ്ധതി:വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ലൈഫ് പദ്ധതിയുടെ ഭാഗമായി ഗ്രാമ പഞ്ചായത്തുകളുടെ റിക്വസ്റ്റിന്റെ അടിസ്ഥാനത്തിൽ ഓൺലൈൻ ആയി ട്രാൻസ്ഫർ ചെയ്ത് താഴെ കാണും പ്രകാരം തുക നൽകിയിട്ടുണ്ട്. (ഓൺലൈൻ ആയി ട്രാൻസ്ഫർ ആയതിനാൽ ബിൽ/വൌച്ചർ നമ്പറുകൾ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമല്ല)

| ക്രമ നം. | പ്രോജക്റ്റ്/നമ്പർ | ചെലവ് തുക | ഫണ്ടിനം |
|---|---|---|---|
| 1 | ലൈഫ് ഭവന പദ്ധതി എസ് സി -ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ,45/22 | 5232400 | വികസന ഫണ്ട് – ജനറൽ-2332841 എസ് സി പി ഫണ്ട്-2899559 |
| 2 | ലൈഫ് ഭവന പദ്ധതി ജനറൽ -ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ,8/22 | 1280000 | വികസന ഫണ്ട് – ജനറൽ |

മേൽ പട്ടികയിലെ ക്രമ നം. 1 പ്രകാരം ഉള്ള ചെലവു വിവരം:

| | |
|---|---|
| മാറാക്കര | 910000 |
| കുറ്റിപ്പുറം | 2038000 |
| എടയൂർ | 1346400 |
| ഇരിമ്പിളിയം | 938000 |
| ആകെ | 5232400 |

ക്രമ നം. 2 പ്രകാരം ഉള്ള ചെലവു വിവരം:

| | |
|---|---|
| ആതവനാട് | 140000 |
| മാറാക്കര | 540000 |
| കല്പകഞ്ചേരി | 600000 |
| ആകെ | 1280000 |

ലൈഫ് ഭവന നിർമ്മാണത്തിലെ ഏതൊക്കെ ഗുണഭോക്താക്കൾക്ക് ഏത് ഘട്ടത്തിനാണ് തുക കൈമാറിയിട്ടുള്ളത് എന്ന വിവരവും നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രവും ഓഡിറ്റിനു ഹാജരാക്കിയ ഫയലിൽ നിന്നും ലഭ്യമല്ല.

ഓരോ ഗ്രാമ പഞ്ചായത്തിന് അനുവദിച്ച തുകയുമായി ബന്ധപ്പെട്ട വിനിയോഗ സാക്ഷ്യപത്രം, ഗുണഭോക്താക്കളുടെ ലിസ്റ്റ്, ഭവന നിർമ്മാണ സ്റ്റേജ് വിവരം എന്നിവ സഹിതം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറിക്ക് (18/31.01.23) മറുപടി ലഭ്യമായിട്ടില്ല)

## 1-16 മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല.

1) പ്രോജക്ട് നമ്പർ.13/2021-22 (താലൂക്ക് ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ)

അടങ്കൽ-500000 ( Maintanance Fund Non Road)

പ്രൊഫോർമ ഇൻവോയിസ് നമ്പർ- PRF2641/11.10.2021

പ്രൊജക്ട് പ്രകാരം, മരുന്ന് ലഭ്യമാക്കുന്നതിന് വേണ്ടി, കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിന് , BRN-21150863019800556942/25.10.2021 പ്രകാരം 500000/- രൂപ ( Maintanance Fund Non Road) അടവാക്കിയിരുന്നു, എന്നാൽ 465057 /- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ലഭ്യമായ മരുന്നുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്ര.നം | ഇൻവോയിസ് നമ്പർ | തുക |
|---|---|---|
| 1 | 642/20.04.2022 | 72591 |
| 2 | 3554/03.06.2022 | 11743 |
| 3 | 3767/06.06.2022 | 46715 |
| 4 | 3768/06.06.2022 | 180111 |
| 5 | 3769/06.06.2022 | 15448 |
| 6 | 3770/06.06.2022 | 70444 |
| 7 | 6467/21.07.2022 | 7793 |
| 8 | 7899/05.08.2022 | 17508 |
| 9 | 7904/05.08.2022 | 3921 |
| 10 | 10769/13.09.2022 | 12038 |
| 11 | 13114/06.102022 | 5551 |
| 12 | 14778/25.10.2022 | 5408 |
| 13 | 17275/16.11.2022 | 365 |
| 14 | 18027/22.11.2022 | 5862 |
| 15 | 18556/24.11.2022 | 6714 |
| 16 | 21485/28.12.2022 | 2845 |
| ആകെ 465057 | | |

34943/- രൂപയുടെ മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നുണ്ട്.

2) പ്രോജക്ട് നമ്പർ .07/2021- 22 (ഉണ്ണർവ്വ് കിടപ്പിലായ രോഗികൾക്ക് സെക്കന്ററി പാലിയേറ്റീവ് പ്രവർത്തനങ്ങൾ )

അടങ്കൽ-500000 (വികസന ഫണ്ട് - ജനറൽ)

പ്രൊഫോർമ ഇൻവോയിസ് നമ്പർ- PRF2628/11.10.2021

പ്രൊജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി, മരുന്ന് ലഭ്യമാക്കുന്നതിന് വേണ്ടി, കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിന് , BRN-21150863019800556905/25.10.2021 പ്രകാരം 130000/- രൂപ (വികസന ഫണ്ട് - ജനറൽ) നല്കിയിരുന്നു, എന്നാൽ 104611 /- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ലഭ്യമായ മരുന്നുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്ര.നം | ഇൻവോയിസ് നമ്പർ | തുക |
|---|---|---|
| 1 | 15283/29.03.2022 | 20772 |
| 2 | 3833/06.06.2022 | 8577 |
| 3 | 9953/01.09.2022 | 1932 |
| 4 | 9952/01.09.2022 | 44368 |
| 5 | 10771/13.09.2022 | 9885 |

| | | |
|---|---|---|
| 6 | 12881/03.10.2022 | 8020 |
| 7 | 15717/03.11.2022 | 570 |
| 8 | 16684/10.11.2022 | 2208 |
| 9 | 17651/18.11.2022 | 2208 |
| 10 | 17886/19.11.2022 | 3267 |
| 11 | 19063/28.11.2022 | 2120 |
| 12 | 22511/09.01.2023 | 241 |
| 13 | 22993/13.01.2023 | 443 |
| ആകെ 104611 | | |

25389/- രൂപയുടെ മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നുണ്ട്.
ബാലൻസ് തുകക്കുള്ള മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ.02/2021-22 തിയ്യതി -27.01.2023) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-17 MGNREGS അഡ്വാൻസ് ക്രമീകരിച്ചില്ല

അഡ്വാൻസ് രജിസ്റ്റർ, വാർഷിക കണക്കുകൾ എന്നിവ പരിശോധിച്ചതിൽ, 2021-22 സാമ്പത്തിക വർഷം തൊഴിലുറപ്പ്(MGNREGS) ജീവനക്കാരായ അസി. എഞ്ചിനിയർ, അക്കൗണ്ടന്റ് എന്നിവർക്കുള്ള ശമ്പള ഇനത്തിൽ 10,64,528 രൂപ മുൻകൂർ ആയി നല്കിയിട്ടുണ്ട്. എന്നാൽ ഓഡിറ്റിനു ലഭ്യമായ രേഖകൾ പ്രകാരം മേൽ തുകയിൽ 4,47,531 രൂപ മാത്രമാണ് 31.3.2022 വരെ ക്രമീകരിച്ചിട്ടുള്ളത്. കേന്ദ്ര ഫണ്ട് ലഭ്യമല്ലാത്തതിനാൽ നൽകിയ തുകയിൽ ശേഷിക്കുന്ന 6,16,997 രൂപ ക്രമീകരിച്ചതിന്റെ വിശദാംശം ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ.13/2021-22 തിയ്യതി -31.01.2023 ന മറുപടി ലഭ്യമായിട്ടില്ല)

## 1-18 ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സംയുക്ത പദ്ധതികൾക്കായി വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് 62,90,907 /- രൂപ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട്/നമ്പർ | ചെലവ് തുക | ബിൽ റെഫ.നം./ തിയ്യതി | ഫണ്ടിനം | ഗ്രാമ പഞ്ചായത്ത് |
|---|---|---|---|---|---|
| 1. | ലക്ഷം വീട് കോളനി നടപ്പാത കോൺക്രീറ്റിംങ് മാറാക്കര ഗ്രാമ പഞ്ചായത്തിന് വിഹിതം,12/22 | 350000 | 21150863019301117526 /14-2-22 | വികസന ഫണ്ട് – ജനറൽ | മാറാക്കര |
| 2. | തൊണ്ടാർപടി മാറാക്കര എയുപിഎസ് റോഡ് കോൺക്രീറ്റിംങ് മാറാക്കര ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ-17/22 | 111000 | 21150863019301117539 /14-2-22 | ധനകാര്യകമ്മീഷൻ | “” |
| | വരിക്കോട്ടിൽപടി പള്ളിയാൽ ബൈപ്പാസ് റോഡ് മാറാക്കര ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ-19/22 | 300000 | 21150863019301117489 /14-2-22 | വികസന ഫണ്ട് | “” |
| 3. | ആനപ്പാറ പാറപ്പുറം റോഡ് മാറാക്കര ഗ്രാമ പഞ്ചായത്തിന് വിഹിതം നല്കൽ-24/22 | 200000 | 21150863019301037332 /31-1-22 | വികസന ഫണ്ട് | “” |
| 4. | കല്ലാർമംകലം | 100000 | 21150863019301376656 | വികസന ഫണ്ട് | “” |

| | | | | | |
|---|---|---|---|---|---|
| | ജിഎല്പിഎസിന് സ്ഥലം വാങ്ങൽ മാറാക്കര ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ-97/22 | | /19-3-22 | | |
| 5. | വിഎസ്കെ പടി കബർസ്ഥാന് പള്ളി റോഡ് ഇരിമ്പിളിയം ഗ്രാമ പഞ്ചായത്തിന് വഹിതം നല്കൽ-26/22 | 100000 | 21150863019300767405 /19-12-21 | വികസന ഫണ്ട് | ഇരിമ്പിളിയം |
| 6. | തങ്ങള്പടി കൈതക്കളം റോഡ് കോണ്ക്രീറ്റിംങ് ഇരിമ്പിളിയം ഗ്രാമ പഞ്ചായത്തിന് വിഹിതം നല്കൽ-29/22 | 250000 | 21150863019300767407 /10-12-21 | വികസന ഫണ്ട് | "" |
| 7. | പ്രഭാകരൻ പടി വാസു കോളനി റോഡ് ഇരിമ്പിളിയം ഗ്രാമ പഞ്ചായത്തിന് വിഹിതം നല്കൽ-31/22 | 250000 | 21150863019300767380 /9-12-21 | വികസന ഫണ്ട് | "" |
| 8. | കൊട്ടുമുടി വളവ് അങ്കണവാടി പാത്ത് വെ ഇരിമ്പിളിയം ഗ്രാമ പഞ്ചായത്തിന് വിഹിതം നല്കൽ-25/22 | 150000 | 21150863019301117523 /14-2-22 | വികസന ഫണ്ട് | "" |
| 9. | ഇറിഗേഷൻ കനാൽ തേക്കുത്ത് റോഡ് ടാറിംങ് ഇരിമ്പിളിയം ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ-99/22 (SO) | 400000 | 21150863019300767416 /10.12.21 | വികസന ഫണ്ട് | "" |
| 10. | ആലുക്കുട്ടം അയ്യപ്പന് കാവ് സുബ്രമണ്യന് പടി റോഡ് ഇരമ്പിളിയം ഗ്രാമ പഞ്ചായത്ത് വിഹിതം നല്കൽ-30/22 | 250000 | 21150863019300767411 /10.12.21 | വികസന ഫണ്ട് | "" |
| 11. | തോട്ടിലാക്കൽ പരുവക്കുഴി റോഡ് കോൺക്രീറ്റിംങ് ഇരിമ്പിളിയം ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ-119/22 | 200000 | 21150863019300767414 /10.12.21 | വികസന ഫണ്ട് | "" |
| 12. | പൂവ്വത്തുംതറ എസ് സി കോളനി റോഡ് നവീകരണം എടയൂർ ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ-124/22(S.O) | 500000 | 21150863019300796033 /16.12.21 | എസ്.സി.പി | എടയൂർ |
| 13. | കുട്ടികൃഷ്ണൻ റോഡ് കോൺക്രീറ്റിംങ് കുറ്റിപ്പുറം ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ-98/22 | 129907 | 21150863019300960869 /17.1.22 | ധനകാര്യകമ്മീഷൻ | കുറ്റിപ്പുറം |
| 14. | ഏരിയാൽ ചോല പാടം റോഡ് നവീകരണം കുറ്റിപ്പുറം ഗ്രാമ പഞ്ചായത്തിന് | 500000 | 21150863019301037335 /31.1.22 | വികസന ഫണ്ട് | "" |

| | | | | | |
|---|---|---|---|---|---|
| | വിഹിതം നൽകൽ-122/22 | | | | |
| 15. | ഐരാനി ആമ്പൽകുളം റോഡ് കോൺക്രീറ്റ് കല്പകഞ്ചേരി ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ-121/22 | 250000 | 21150863019300841910 /27.12.21 | വികസന ഫണ്ട് | കല്പകഞ്ചേരി |
| 16. | കളത്തിലകത്ത് നെല്ലിക്കുന്ന് റോട് കോൺക്രീറ്റ് കല്പകഞ്ചേരി ഗ്രാമ പഞ്ചായത്തിന് വിഹിതം നല്കൽ-120/22 | 250000 | 21150863019300841906 /27.12.21 | വികസന ഫണ്ട് | "" |
| 17. | കണക്കാംകുന്ന് കിഴക്കേപ്പുറം റോഡ് കോൺക്രീറ്റിംങ് കൽപകഞ്ചേരി ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ-11/22 | 250000 | 211508630193030084191‌1 /27.12.21 | വികസന ഫണ്ട് | "" |
| 18. | തവളംചിന - അഞ്ചുട്ടി റോഡ് പുനരുദ്ധാരണം കല്പകഞ്ചേരി ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ-123/22 | 250000 | 21150863019300841908 /27.12.21 | വികസന ഫണ്ട് | "" |
| 19. | മണ്ണേക്കര അംഗൻവാടി യാഹ്ഹാജിപ്പടി റോഡ് ടാറിംങ് ആതവനാട് ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ-112/22 | 250000 | 21150863019300865491 /30.12.21 | വികസന ഫണ്ട് | ആതവനാട് |
| 20. | ഉണ്ണ്യാൽ കക്കാട്ടുകുളമ്പ് ചോല റോഡ് കോൺക്രീറ്റിംങ് ആതവനാട് ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ-108/22 | 250000 | 211508630193008865495 /30.12.21 | വികസന ഫണ്ട് | "" |
| 21. | പാളിച്ചിറ കുണ്ടുങ്ങത്തോട് പാലം ആതവനാട് ഗ്രാമ പഞ്ചായത്തിന് വിഹിതം നല്കൽ-32/22 | 300000 | 21150863019300911488 /10.1.22 | വികസന ഫണ്ട് | "" |
| 22. | ചേരുലാൽ മാട്ടായി റോഡ് ആതവനാട് ഗ്രാമ പഞ്ചായത്തിന് വിഹിതം നല്കൽ-37/22 | 200000 | 21150863019300865487 /10.1.22 | വികസന ഫണ്ട് | "" |
| 23. | പാറേക്കളം- പൊറ്റമ്മൽ റോഡ് നവീകരണം ആതവനാട് ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ-111/22 | 250000 | 21150863019300865497 /30.12.21 | വികസന ഫണ്ട് | "" |
| 24. | പഴംഞ്ചിറ ചേലക്കോട് ജുമാ മസ്ജിദ് റോഡ് സൈഡ് പ്രൊട്ടക്ഷന് ആതവനാട് ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ-135/22 | 195010 | 21150863019300911496 /10.1.12 | ധനകാര്യകമ്മീഷൻ | "" |
| | | 54990 | ചെക്ക് നം. 2718056/ 10.1.12 | തനതു ഫണ്ട് | |

| | | | | | |
|---|---|---|---|---|---|
| | ആകെ | 62,90,907 | | | |

പദ്ധതികളുടെ പൂർത്തീകരണ വിവരം/ചെലവഴിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം, തുകയുടെ കൈപ്പറ്റ് രസീതി, വിനിയോഗിക്കാത്ത പക്ഷം തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെയും തിരികെ ഈടാക്കിയ തുകയുടെയും വിശദാംശം (ബാധകമായവ) ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.62,90,907 /- രൂപ തടസത്തിൽ വെക്കുന്നു. (മേൽ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.630.1.2022 ന മറുപടി ലഭ്യമായിട്ടില്ല).

## 1-19 എസ് . സി വിദ്യാർത്ഥികൾക്ക് പഠന മുറി - പണി പൂർത്തീകരിച്ചിട്ടില്ല

നിർവഹണോദ്യോഗസ്ഥൻ: എസ്.സി ഡെവലപ്മെന്റ് ഓഫീസർ

എസ്.സി വിദ്യാർത്ഥികൾക്ക് പഠന സൗകര്യമൊരുക്കൽ എന്ന പദ്ധതി പ്രകാരം മുൻ വർഷങ്ങളിൽ ആനുകൂല്യം അനുവദിച്ച താഴെപ്പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയായിട്ടും പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ആനുകൂല്യം അനുവദിച്ച വർഷം | നാളിതുവരെ കൈപ്പറ്റിയ തുക | റിമാർക്സ് |
|---|---|---|---|---|
| 1. | ശ്രീ. സുരേഷ് കെ പി, കിഴക്കേപ്പാട്ട് | 2017-18 | 50000 | രജിസ്റ്റർ പ്രകാരം 50000/- രൂപ അനുവദിച്ചിട്ടുള്ളു. എന്നാൽ പണി പൂർത്തിയായതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഫയലിൽ സൂക്ഷിച്ചിരിക്കുന്ന ഗുണഭോക്താവിന്റെ 01.07.2021 ലെ കത്തിൽ പണി ഉടൻ പൂർത്തിയാക്കാമെന്നും ധനസഹായം അനുവദിക്കണമെന്നും അപേക്ഷിച്ചിട്ടുണ്ട്. |
| 2. | ശ്രീ.വിജയൻ ഐ പി, ഇല്ലത്തുപ്പറമ്പിൽ | 2017-18 | 50000 | പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. |
| 3 | ശ്രീ. സുരേഷ് ,മുളക്കത്തൊടി | 2019-20 | 200000 | മുഴുവൻ തുകയും അനുവദിച്ചിട്ടുണ്ടെങ്കിലും പണി പൂർത്തിയായതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 4. | ശ്രീ.പ്രദീപ് വി പി, വാരിയത്ത് പടി | 2019-20 | 50000 | പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. |
| 5. | ശ്രീ.ചന്ദ്രൻ പി, പാറേക്കളം | 2020-21 | 125000 | പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. |
| 6 | ശ്രീമതി. ദീപ, ചെമ്പ്രമ്മാരിൽ | 2020-21 | 125000 | പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. |

മേൽ അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.09/30.01.2023) ക്രമ നം 1 പ്രകാരമുള്ള ഗുണഭോക്താവ് ഓഫീസിലെ നിർദ്ദേശത്തെ തുടർന്ന് പണി പൂർത്തീകരിച്ചിട്ടുണ്ടെന്നും അസി. എഞ്ചിനീയറുടെ വാല്യൂവേഷന്റെ അടിസ്ഥാനത്തിലാണ് തുടർന്നുള്ള ഗഡു അനുവദിക്കുമെന്നതിനാൽ വാല്യൂവേഷൻ ലഭ്യമാകുന്ന മുറക്ക് അടുത്ത് ഗഡു അനുവദിക്കുമെന്നും ക്രമ നം 2 പ്രകാരമുള്ള ഗുണഭോക്താവ് നിരവധി തവണ നേരിട്ടും കത്ത് മുഖേനയും അറിയിച്ചിട്ടും നാളിതു വരെയായി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലെന്നും ആയതിനാൽ കൈപ്പറ്റിയ തുകയും ആയതിന്റെ പലിശയും തിരിച്ചടവാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ക്രമ നം 3 പ്രകാരമുള്ള ഗുണഭോക്താവ് മുഴുവൻ പണി പൂർത്തീകരിച്ച് വാല്യൂവേഷന്റെ അടിസ്ഥാനത്തിലാണ് അവസാന ഗഡു നൽകിയതെന്നും ഓഫീസിലെ തിരക്കു കാരണം രജിസ്റ്ററിൽ നിർമ്മാണം പൂർത്തിയായതായി ചേർക്കാൻ വിട്ടു പോയതാണെന്നും ക്രമ നം 4 പ്രകാരമുള്ള ഗുണഭോക്താവ് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലെന്നും കൈപ്പറ്റിയ തുക തിരിച്ചടക്കാമെന്ന് അറിയിച്ചിട്ടുണ്ടെന്നും ക്രമ നം 5,6 പ്രകാരമുള്ള ഗുണഭോക്താക്കളുടെ പ്രവൃത്തികൾ പുരോഗമിച്ചു വരികയാണെന്നും ഈ വർഷം തന്നെ പൂർത്തീകരിച്ച് റിപ്പോർട്ട്

ചെയ്യാമെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി വിവരങ്ങൾ ബന്ധപ്പെട്ട രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-20 സർക്കാർ ഉത്തരവ് പാലിക്കാതെ ARTCO യിൽ നിന്നു സാധനങ്ങൾ വാങ്ങി

നിർവഹണോദ്യോഗസ്ഥൻ- സി ഡി പി ഒ

പ്രൊജക്ടിന്റെ പേര്,നം- അങ്കണവാടികൾ ഹൈടെക്ക് ആക്കൽ,77/22

അടങ്കൽ-2900000(വികസന ഫണ്ട്-ജനറൽ)

ചെലവ്- 2900000

BRN No.-2115086301960117548З/22.02.2022- 1233704/-

211508630196013735898/18.03.2022-1666296/-

കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖ 9.23 പ്രകാരം 5 വർഷത്തിൽ കൂടുതൽ പഴക്കമുള്ള സർക്കാർ സ്ഥാപനങ്ങൾ നിർമ്മിക്കുന്ന സാധനങ്ങൾ വാങ്ങണമെങ്കിൽ ടെണ്ടർ നടപടികൾ പാലിക്കേണ്ടതുണ്ട്. മേൽ വ്യവസ്ഥക്ക് ഇളവ് നൽകിക്കൊണ്ട് ഇത്തരം സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങളും അവയ്ക്ക് നൽകാവുന്ന വിലയും വ്യക്തമാക്കി കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് മാത്രമേ ടെണ്ടർ കൂടാതെ സാധനങ്ങൾ വാങ്ങാനാവൂ. 2021-22 സാമ്പത്തിക വർഷ കാലയളവിൽ ARTCO യിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങൾ, വില എന്നിവ വ്യക്തമാക്കി GO(RT) 1/2021/SPD Dt 05.01.2021, GO(Rt) 27/ 2020 /SPD Dt 31.12.2020 എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവുകളുടെ ഖണ്ഡിക 4 പ്രകാരം "വാങ്ങുന്ന സാധനങ്ങൾ ARTCO നിർമ്മിച്ചതാണ് എന്നും അവ പുറമെ നിന്ന് വാങ്ങിയത് അല്ല " എന്നുമുള്ള ഒരു സാക്ഷ്യപത്രം ARTCO മാനേജിംഗ് ഡയറക്ടറിൽ നിന്ന് പർച്ചേസിംഗ് ഓഫീസർ ലഭ്യമാക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ മേൽ പരാമർശിക്കപ്പെട്ട ഉത്തരവിൽ ഉൾപ്പെടുത്താത്ത സാധനങ്ങൾ വാങ്ങണമെങ്കിൽ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ അനുസരിച്ച് ടെണ്ടർ / ക്വട്ടേഷൻ നടപടികൾ പാലിക്കണം എന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

2021-22 വർഷത്തിൽ CDPO നിർവഹണം നടത്തിയ അങ്കണവാടി ഹൈടെക്ക് ആക്കൽ എന്ന പ്രൊജക്ട് പ്രകാരം ഫർണിച്ചർ വാങ്ങിയത് ARTCO യിൽ നിന്നാണ്. പ്രൊജക്ടുകളുടെ നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ താഴെ നൽകുന്നു.

പ്രൊജക്ട് പ്രകാരം വാങ്ങിയ സാധനങ്ങളിൽ താഴെ പരാമർശിക്കുന്ന സാധനങ്ങൾ ടെണ്ടർ കൂടാതെ ARTCO യിൽ നിന്ന് വാങ്ങാൻ GO(RT) 1/2021/SPD Dt 05.01.2021, GO(Rt) 27/ 2020 /SPD Dt 31.12.2020 എന്നീ ഉത്തരവുകൾപ്രകാരം അംഗീകരിക്കപ്പെട്ട് കാണുന്നില്ല.

| ക്രമ നം | സാധനം | വാങ്ങിയ അളവ്/ ഒന്നിന്റെ വില | നികുതി ഉൾപ്പെടെ ആകെ വില |
|---|---|---|---|
| 1 | PORTABLE TROLLY SPEAKER 25 WATTS WITHUSB/SD/TF/FM RADIO/AUX /REMOTE/ BLUE TOOTH/WIRELESS MIC/&DJ LED LIGHT FUNCTION | 21 @5400 | 133812 |
| 2 | Digital Class Room IT Includes 32 Inch Full HD Smart TV With Activity Pendrive And SuppoRting Stand | 17 @17900 | 359074 |
| 3 | KIDNEY TABLE – COLOURFULL AND ATTRACTIVE TABLE WITH MINIMUM L 54"*W30" *H 20" WITH STRONG 4 LEGS AND ANTI SKID RUBBER BUSH | 90 @4368 | 463881.6 |
| 4 | BABY PLASTIC CHAIR- FULLY SINGLE MOULDED SOLID AND EXTRA STRONG WITH ATTRACTIVE COLOURS | 360 @410 | 174168 |

| | | | |
|---|---|---|---|
| 5 | Multi Purpose Teaching And Artboard | 21<br>@3425 | 80556 |
| 6 | Bisphenol Synthetic Flooring Mat Child Friendly Attractive Light Weight And Durable(4sqf) | 1050<br>@300 | 371700 |
| 7 | Multi Colour Slide. Fully Portable And Detachable Minimum Size 140 Cm Length ,46 Cm Width ,90 Cm Height. It Is Made Up Of High Grade Material Multi Colour With Basket Ball | 21<br>@6923 | 162828.9 |
| 8 | Rabit Bin | 21<br>@1980 | 49064.4 |
| 9 | JUNIOR Rocker L36”*W13”*H18” | 21<br>@2400 | 56448 |
| 10 | Elephant Rideon | 21<br>@1890 | 44452.8 |
| 11 | Number Mat | 21<br>@1800 | 42336 |
| 12 | Alphabet Mat | 21<br>@2200 | 51744 |
| 13 | Tower Block Set | 21<br>@320 | 7526.4 |
| 14 | Counting Frame | 21<br>@190 | 4468.8 |
| 15 | Building Block Set | 21<br>@273 | 6420.9 |
| 16 | Play Ball (Set Of 50 Pcs) | 42<br>@575 | 27048 |
| 17 | Toy Shelf L39”*W16”*H30” | 21<br>@4990 | 123652.2 |
| | ആകെ | | 2159182/- |

മൊത്തം നൽകിയ 29 ലക്ഷം രൂപയിൽ 7,40,818 (29,00,000-21,59,182) രൂപ പെയിന്റിംഗ് പ്രവൃത്തിക്ക് വേണ്ടിയാണ് അനുവദിച്ചിട്ടുള്ളത്. മേൽ പരാമർശിക്കപ്പെട്ട സാധനങ്ങൾ ടെണ്ടർ കൂടാതെ ARTCO യിൽ നിന്ന് വാങ്ങുന്നതിന് അനുമതി നൽകിയ സർക്കാർ ഉത്തരവ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്നും മേൽ പരാമർശിക്കപ്പെട്ട സാധനങ്ങൾ ARTCO ഉത്പാദിപ്പിക്കുന്നതാണ് എന്ന സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്നും കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/29.01.2023) 30.03.2021 ലെ സ. ഉ(സാധാ) നം 819/2021/തസ്വഭവ പ്രകാരം അങ്കണവാടികളുടെ ഇന്റീരിയർ വർക്കുകൾ ടെണ്ടർ കൂടാതെ ARTCO യെ ഏൽപ്പിക്കാം എന്ന ഉത്തരവ് പ്രകാരമാണ് പ്രൊജക്ട് നിർവഹണം തുടങ്ങിയതെന്നും GO(Rt) നം 7/2022/SPD തീ.02.02.2022 ലെ ഉത്തരവ് പ്രകാരം ARTCO ക്ക് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ കീഴിലുള്ള സ്ഥാപനങ്ങൾക്ക് Smart Class Room Furniture ടെണ്ടർ കൂടാതെ വിതരണം ചെയ്യാം എന്ന ഉത്തരവ് നിലവിലുണ്ടെന്നും ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കില്ലെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പദ്ധതി നടപ്പിലാക്കുമ്പോൾ കാലാനുസൃതമായി പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും പൂർണ്ണമായി പാലിക്കേണ്ടതും ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-21 കുറ്റിപ്പുറം താലൂക്ക് ആശുപത്രി വാട്ടർ സപ്ലൈ സ്കീം - പ്രവൃത്തിയുടെ തുടർ വിവരം

ലഭ്യമാക്കേണ്ടതാണ്.

നിർവഹണ ഉദ്യോഗസ്ഥൻ-അസി.എക്സി.എഞ്ചിനീയർ

പ്രോജക്റ്റ് - 79/22

കുറ്റിപ്പുറം താലൂക്ക് ആശുപത്രി വാട്ടർ സപ്ലൈ സ്കീം

ഫണ്ട് - ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied)

അളവ് പുസ്തകം - 18/21-22

കരാർ - AEE/LSGD/KTPM/03/21-22 Dtd.1.2.22

കരാർ തുക – 27,65,213+GST

കരാറുകാരൻ - KP.കുഞ്ഞുണ്ണി

ബിൽ - 9/3.3.22 – 630295 (റസ്റ്ററേഷൻ ചാർജ് അടവാക്കിയത്)

പാർട്ട് ബിൽ- 13/30.3.22-702792

ജല ദൗർലഭ്യം നേരിടുന്ന കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിൽ ഈ പ്രശ്നത്തിന് പരിഹാരം കാണുവാനാണ് 50 ലക്ഷം രൂപ വകയിരുത്തി ജലവിതരണ പദ്ധതിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള താലൂക്ക് ആശുപത്രി ഈ പ്രദേശത്തെ സാധാരണ ജനങ്ങൾ വളരെയധികം ആശ്രയിച്ച് വരുന്നു. സൗകര്യങ്ങൾ ഉയർത്തികൊണ്ടുവരുന്നതിന്റെ ഭാഗമായി പുതിയ കെട്ടിടങ്ങളുടെ പണികൾ നിലവിൽ നടക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ ആശുപത്രിയിലെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ജല ലഭ്യത കുറവുണ്ട്. നിലവിലുള്ള സ്രോതസ്സിൽ നിന്നും ആശുപത്രിയിലെ പ്രവർത്തനങ്ങൾക്ക് ജലം ലഭിക്കുന്നത് കുറവായത് കാരണം രോഗികൾക്ക് ചികിത്സ നൽകുന്നതിൽ ബുദ്ധിമുട്ടും നേരിടുന്നു.

നിലവിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമായ ഒരു വയൽ ഭൂമിയിൽ തുറന്ന കിണർ നിർമ്മിക്കുന്നതിനും അതിന് മുകളിൽ പമ്പ് ഹൗസ് നിർമ്മിക്കുന്നതിനും ആശുപത്രിയിലേക്ക് പൈപ്പ് ലൈൻ എത്തിക്കുന്നതിനും നിലവിലുള്ള ടാങ്കിലേക്ക് വെള്ളം എത്തിക്കുന്നതിനും പുതുതായി ടാങ്ക് സ്ഥാപിക്കുന്നതിനും ആണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. കൂടാതെ കിണറിൽ നിന്നും വെള്ളം ആശുപത്രിയിലേക്ക് എത്തിക്കുന്നത് PVC,GI പൈപ്പുകളിലൂടെയാണ്. PWD റോഡിന്റെ ഒരു വശത്ത് കൂടി പൈപ്പ് ലൈൻ വലിക്കുന്നതിന് റസ്റ്റോറേഷൻ ചാർജ് അടക്കേണ്ടതായുണ്ട്.

കിണർ കുഴിക്കേണ്ട സ്ഥലം ഭൂജല സർവെ പൂർത്തിയാക്കി കിണർ കുഴിക്കാൻ അനുയോജ്യമാണെന്ന് റിപ്പോർട്ട് നേടിയിട്ടുണ്ട്. കൂടാതെ ഓപ്പൺ കിണറിൽ 30 HP സ്ഥാപിക്കുന്നതിന് വൈദ്യുതി കണക്ഷൻ ലഭ്യമാകുന്നതിന് 114054 രൂപ KSEB കുറ്റിപ്പുറം സെക്ഷൻ ഡിമാന്റ് തുകയായി ആവശ്യപ്പെട്ടിട്ടുണ്ട്.എന്നാൽ തുക അടവാക്കിയിട്ടില്ല. റസ്റ്റോറേഷൻ ചാർജിനത്തിൽ 6,30,295 രൂപ PWD മഞ്ചേരി ഡിവിഷനിലേക്ക് അടച്ചിട്ടുണ്ട്. (Voucher -XVFC/21-22/P/6 Dtd.3.3.22).

പ്രവൃത്തിയിലെ അപാകതകൾ

1.പ്രവൃത്തിയുമായി ബന്ധപ്പെട്ട് പരിശോധനക്ക് ഹാജരാക്കിയ ഫയലിൽ പ്രവൃത്തി സ്ഥലം ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയതിന്റെ രേഖകൾ ഇല്ല.

2.2021-22 സാമ്പത്തിക വർഷത്തിൽ 928 മീറ്റർ PVC പൈപ്പും 17 മീറ്റർ GI പൈപ്പും പ്രവൃത്തിയുടെ ഭാഗമായി ലേയിംഗ് നടത്തുക മാത്രമാണ് ചെയ്തത്. പാർട്ട് ബിൽ ആയി 702792 രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് നിലവിൽ കഴിഞ്ഞിട്ടുണ്ട്.

3.പാർട്ട് ബിൽ അനുവദിച്ച് പത്ത് മാസം കഴിഞ്ഞതിനാൽ നിലവിൽ പ്രവൃത്തി ഏത് സ്റ്റേജിൽ ആണെന്ന് വ്യക്തമാക്കിയിട്ടില്ല.

ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യമറുപടിയിൽ പ്രവൃത്തി സ്ഥലം ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതും നിലവിൽ പ്രവൃത്തി ഏത് സ്റ്റേജിൽ ആണെന്ന് വ്യക്തമാക്കേണ്ടതുമാണ്. പ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്തിയാക്കി ആശുപത്രിയിലെ ജലക്ഷാമത്തിന് പരിഹാരം കാണേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണത്തിന് (Audit Enquiry No. 14 / 31.1.23 ) മറുപടി ലഭ്യമാക്കിയില്ല.)

1-22 അസി.എക്സി.എഞ്ചിനീയറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടർ, UPS, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ - പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

പ്രോജക്റ്റ് - 55/22

ഫണ്ട് - വികസന ഫണ്ട് (G)

അടങ്കൽ തുക -2,50,000

ചെലവ് - 233952

ബിൽ - 1/24.9.22

അസി.എക്സി.എഞ്ചിനീയറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടർ, UPS, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതി പ്രകാരം താഴെ പറയുന്ന ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

| Particulars | Qty | Invoice | Amount |
|---|---|---|---|
| Laptop- High End Windows 10 Home | 3 | 29403/14.9.21 | 152634 |
| 1 KV UPS | 1 | 29404/14.9.21 | 23305 |
| A3 Network MFP (Photo Copier) | 1 | 29405/14.9.21 | 45060 |
| A4 Monochrome Network Laser Printer | 1 | 29406/14.9.21 | 12953 |
| | | | 233952 |

ഗവ.സർക്കുലർ 86/2010/ ഫിൻ തീ.24.09.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ്‌വെയർ ,സോഫ്റ്റ് വെയർ എന്നിവയ്ക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടർ ഹാർഡ്‌വെയർ സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. സർക്കുലർ നിർദേശം പാലിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണത്തിന് (Audit Enquiry No. 15 / 31.1.23 )മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-23 കണക്കിൽ പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു.

എൽ.എസ്.ജി.ഡി സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ വളാഞ്ചേരി SBI ശാഖയിൽ ഉള്ള 38593365850 നമ്പർ ബാങ്ക് അക്കൗണ്ടിൽ 31.3.22 ന് 1,17,504 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. മാത്രമല്ല 01.01.2023 ൽ ഈ അക്കൗണ്ടിൽ 217166 രൂപ അവശേഷിക്കുന്നുണ്ട്.

പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക മാത്രമാണ് മരാമത്ത് പ്രവൃത്തികൾക്ക് അനുവദിക്കുന്നത് എന്നതിനാൽ ഈ ഇനത്തിൽ അനുവദിക്കുന്ന തുക ചെലവഴിക്കാതെ അവശേഷിക്കാൻ പാടില്ല.

പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക, മരാമത്ത് പ്രവൃത്തികൾക്കല്ലാതെ എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ ഓഫീസ് പ്രവർത്തനത്തിന് അനുവദിക്കുന്ന തുക , ടെണ്ടറിന്റെ ഭാഗമായി ടെണ്ടർ ഫീ, EMD എന്നിങ്ങനെ വിവിധ ഇനങ്ങളിലായി അക്കൗണ്ടുകളിൽ പണം വരാൻ സാധ്യതയുണ്ട്. AE യുടെ പേരിലുള്ള എല്ലാ അക്കൗണ്ടുകളിലെയും വരവ് ചെലവുകൾ കാഷ്ബുക്കിൽ രേഖപ്പെടുത്തേണ്ടതായിരുന്നുവെങ്കിലും അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിൽ ഇത്തരത്തിൽ കാഷ്ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. അതിനാൽത്തന്നെ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ഏത് ഇനത്തിലുള്ളതാണ് എന്ന് ഓഡിറ്റിന് കണ്ടെത്താൻ സാധിച്ചിട്ടില്ല.

ബാങ്ക് , ട്രഷറി അക്കൗണ്ടിൽ ചെലവഴിക്കാതെ പണം അവശേഷിക്കുന്നുണ്ട് എന്നതിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനം അനുവദിച്ച തുക/ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് വേണ്ടി ലഭിച്ച തുക അർഹരായ ആളുകൾക്ക് / വകുപ്പുകൾക്ക് നൽകുന്നതിൽ വീഴ്ച വന്നതായി കാണുന്നു.

ചെലവഴിക്കാൻ അവശേഷിക്കുന്ന തുക ഏതെല്ലാം ഇനത്തിൽ വരവ് വന്നതാണെന്ന് ഓഡിറ്റിനെ അറിയിക്കേണ്ടതാണ് എന്ന് അറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/30.1.23) മറുപടിയായി അക്കൗണ്ടിൽ ബാലൻസ് കിടക്കുന്ന തുക ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച തുകയാണെന്ന് അറിയിച്ചു. ഓഡിറ്റ് നിർദേശത്തിന്റെ അടിസ്ഥാനത്തിൽ 2021-22 ലെ ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച 1,22,615 രൂപ സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലേക്ക് (ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്) 31.1.23 ന് കൈമാറി. ശേഷിക്കുന്ന തുക 95200 രൂപ 2022-23 ലെ ടെണ്ടർ ഫീസ് ഇനത്തിൽ ലഭിച്ച തുകയായതിനാൽ സാമ്പത്തിക വർഷത്തെ ടെണ്ടർ പ്രക്രിയ അവസാനിക്കുന്ന മുറക്ക് സമയബന്ധിതമായി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറുമെന്ന് അറിയിച്ചു.

ടെണ്ടർ ഫീസ് വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടി ടെണ്ടർ ഫീസിനത്തിൽ ലഭിക്കുന്ന തുകകൾ യഥാസമയം ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറേണ്ടതാണ്.

## 1-24 കുറ്റിപ്പുറം താലൂക്ക് ആശുപത്രി ഇമേജ് വേസ്റ്റ് സ്റ്റോറേജ് യൂണിറ്റ്, ടോയ്‌ലറ്റ് യൂണിറ്റ്

## നിർമ്മാണം - കെട്ടിടം തുറന്ന് കൊടുക്കാത്തതിനാൽ ഉപയോഗിക്കാൻ കഴിയുന്നില്ല.

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

പ്രോജക്റ്റ് - S086/22

ഫണ്ട് - ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied)

അളവ് പുസ്തകം - 4/21-22,5/21-22,12/21-22,

കരാർ - AE/LSGD/KTPM/05/21-22 Dtd.7.10.21

കരാറുകാരൻ - CP.മാധവൻ

മൂല്യ നിർണ്ണയം - 11,82,390

ബിൽ - 5/3.3.22 – 11,82,390

കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിൽ വേസ്റ്റ് ശേഖരിച്ച് വക്കുന്നതിനു സ്റ്റോർ റൂം , ആശുപത്രിയിൽ വരുന്ന രോഗികൾക്കും പൊതുജനങ്ങൾക്കും ഉപയോഗിക്കുന്നതിന് ടോയ്‌ലറ്റ് എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 7.10.21 ന് തുടങ്ങിയ പ്രവൃത്തി 22.3.22 ന് പൂർത്തിയാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം 1,00,000 രൂപ ഇലക്ട്രിഫിക്കേഷന് വേണ്ടി വകയിരുത്തിയെങ്കിലും പ്രസ്തുത പ്രവൃത്തി നടന്നിട്ടില്ല. സ്റ്റോർ റൂം പ്രസ്തുത ഉദ്ദേശത്തിന് ഉപയോഗിക്കാൻ നിലവിൽ തുറന്നു കൊടുത്തിട്ടില്ലെന്ന് ആശുപത്രി അധികൃതർ വാക്കാൽ അറിയിച്ചു. ടൈൽസ്, പ്ലംബിംഗ് വർക്കുകൾ,പെയിന്റിംഗ് വർക്കുകൾ, സാനിറ്ററി വർക്കുകൾ എല്ലാം പൂർത്തിയായ ഈ ടോയ്‌ലറ്റ് രോഗികൾക്കും പൊതുജനങ്ങൾക്കും തുറന്നു കൊടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും തുടർ നടപടികൾ ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യമറുപടിയിൽ അറിയിക്കേണ്ടതാണ്. കൂടാതെ ആശുപത്രിയിൽ വേസ്റ്റ് ശേഖരിച്ച് വക്കുന്നതിനു സ്റ്റോർ റൂം തുറന്ന് കൊടുക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 മാർഗ്ഗരേഖക്ക് വിരുദ്ധമായി പദ്ധതികൾ തയ്യാറാക്കി നടപ്പാക്കി

പദ്ധതി മാർഗ്ഗരേഖ ഉത്തരവ് ജി.ഒ(എം.എസ്) 11/2018/ത.സ്വ.ഭ.വ തിയ്യതി 29.01.2018 നമ്പർ ഉത്തരവ് പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾക്ക് പദ്ധതി ഏറ്റെടുക്കുന്നതിന് താഴെ പരാമർശിക്കുന്ന ഏതാനും നിബന്ധനകൾ നിർദ്ദേശിച്ചിട്ടുണ്ട്.

1. 5 ലക്ഷത്തിൽ താഴെ അടങ്കലുള്ള പദ്ധതികൾ ഏറ്റെടുക്കാൻ പാടില്ല.

2. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള റോഡ് പ്രവൃത്തികൾ ഏറ്റെടുക്കുന്നത് പഞ്ചായത്തിന്റെ അനുമതിയോടെയാകണമെന്നും ഇത്തരത്തിലുള്ള റോഡുകൾക്ക് ചുരുങ്ങിയത് 6 മീറ്ററെങ്കിലും വീതിയുണ്ടാകണം.

3. അംഗൻവാടികൾക്ക് കെട്ടിടവും സ്ഥലസൗകര്യവും ഏർപ്പെടുത്തുന്നതിന് പ്രൊജക്ട് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ അനുമതിയോടെയാണ് നടപ്പാക്കേണ്ടത്.

4. ഗ്രാമ, ജില്ലാ പഞ്ചായത്തുകളുടെ അനുമതിയോടെ അവയുടെ നിയന്ത്രണത്തിലുള്ള സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പ്രൊജക്ടുകൾ ഏറ്റെടുക്കാം.

എന്നാൽ 2021-22 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയ വിവിധ റോഡ് പ്രവൃത്തികൾ , ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള മറ്റ് കെട്ടിടങ്ങൾ, സ്കൂൾ അനുബന്ധ സൗകര്യങ്ങൾ, തുടങ്ങിയ പ്രൊജക്ടുകൾ നടപ്പാക്കുന്നതിന് മുമ്പ് അവയുടെ ഉടമസ്ഥരായ ഗ്രാമ, ജില്ലാ പഞ്ചായത്തുകളിൽ നിന്ന് അനുമതി നേടിയതായി കാണുന്നില്ല. (ഉദാ:- മാട്ടുമ്മൽ കെട്ടിട പ്രവൃത്തി, ആതവനാട് ഗ്രാമപഞ്ചായത്ത്) കൂടാതെ ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പ്രവൃത്തി നടത്തിയ റോഡുകളുടെ വീതി വ്യക്തമാക്കുന്ന രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

പദ്ധതികൾ ഏറ്റെടുക്കുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിച്ച് മാത്രം ഏറ്റെടുക്കേണ്ടതാണ്.

## 1-26 ഓഡിറ്റ് റിപ്പോർട്ടിൽ സ്വീകരിച്ച തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റി അതിൻമേൽ പഞ്ചായത്ത് തീരുമാനമെടുത്ത് രണ്ട് മാസത്തിനകം ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച ക്രമക്കേടുകളും ന്യൂനതകളും പഞ്ചായത്ത് പരിഹരിക്കേണ്ടതും അതിൻമേൽ പഞ്ചായത്ത് കൈക്കൊണ്ട നടപടികളെ സംബന്ധിച്ച് ഒരു റെക്ടിഫിക്കേഷൻ റിപ്പോർട്ട് ഓഡിറ്റർക്ക് അയച്ചു നൽകേണ്ടതാണെന്നും 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 21 ൽ നിർദ്ദേശിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ 2015-16,2016-17,2017-18, 2018-19, 2019-20 , 2020-21 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 21 പ്രകാരം പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികളുടെ രേഖകൾ , ക്രമക്കേടുകളും ന്യൂനതകളും പരിഹരിച്ചതിന്റെ

രേഖകൾ എന്നിവ പരിശോധനക്ക് ഹാജറാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (Audit Enquiry No. 15 / 31.1.23 ) മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് റിപ്പോർട്ടിലെ അപാകതകൾ പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 2021-22 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 1400000 | പ്രോ.നം-52/2021-22 PMAY Genaral | 840000 | 560000 |
| | 1540000 | പ്രോ.നം-56/2021-22 PMAY-SC | 210000 | 1330000 |
| ആകെ | 2940000 | | 1050000 | 1890000 |
| ജില്ലാ പഞ്ചായത്ത് | 392000 | പ്രോ.നം-52/2021-22 PMAY Genaral | 392000 | 0 |
| | 475000 | പ്രോ.നം-92/2021-22 എസ് വിദ്യാർത്ഥികൾക്ക് പഠനമുറി | 475000 | 0 |
| ആകെ | 867000 | | 867000 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./ ബിൽ/ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| KSEB | പ്രോ.നം-74/21-22, കാടാമ്പുഴ മുനമ്പം പത്തായക്കല്ല് | XVFC/ 2021-22/P/14 Dt-28.12.2021 | 5,00,000 | 5,00,000 | പൂർത്തീകരിച്ച | 0 |

| | | | | | | |
|---|---|---|---|---|---|---|
| | പാറമ്മൽ എ.സി നിരപ്പ് ഭാഗത്തേക്ക് ലൈൻ നീട്ടൽ | | | | | |
| | പ്രോ.നം- 75/21-22, കാടാമ്പുഴ ഉവപ്പാറ ശാന്തി നഗർ ഭാഗത്തേക്ക് ലൈൻ നീട്ടൽ | XVFC/ 2021-22/P/13 Dt-24.12.2021 | 5,00,000 | 5,00,000 | പൂർത്തീകരിച്ചു | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച 2000/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2003-04 | 2(2) | 400 | മുഹമ്മദ് അലി.എൻ (ഡ്രൈവർ) | 121050100018 |
| 2006-07 | 2(4) | 300 | മുരളീധരൻ പി(സെക്രട്ടറി) | 121050100017 |
| ആകെ | | 700 | | |

കുറിപ്പ്

വാർഷികകണക്ക് പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവുള്ള 2000/-രൂപയിൽ 1300/-രൂപ പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ളതാണ്.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2015-16 | 6(B) | 1300 | പി.ജി കണ്ണൻ നായർ(സെക്രട്ടറി) | 121050100016 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 30 | 2001-02 | V-10-1 IV-3 | സ്റ്റോർപർച്ചേസ് ചട്ട ലംഘനം | നടപടികൾ തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| 2001-02 | 3-3 | 2007-08 | 3-1-53 | സ്ഥലം വാങ്ങൽ അപാകതകൾ | ,, |
| 2002-03 | 3-8,3-12,3-16 | ,, | 3-61(1)(2)(3) | മരാമത്ത് പ്രവൃത്തി. നികുതികൾ ബന്ധപ്പെട്ട ഹെഡിൽ അടവാക്കിയില്ല | ,, |
| 2014-15 | 3-3 | 2015-16 | 8-20 | അടിസ്ഥാന സൗകര്യങ്ങളൊരുക്കാതെ ഉപകരണങ്ങൾ വാങ്ങി. 6.5 ലക്ഷം രൂപയുടെ പാഴ് ചെലവ് | ,, |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 75161455 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 68559416 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7156997 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 866090 | ഡോ. അലിയാമു ടി.കെ , മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) |
| 1-18 | 62,90,907 | ശ്രീ. റഷീദ് സി, സെക്രട്ടറി |
| ആകെ | 7156997 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ബാധകമല്ല.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-98 | എൽ.എഫ്.എം12/1122/99 തീയ്യതി 10.9.12 | 5 |
| 1998-99 | എൽ.എഫ്.എം12/887/00 തീയ്യതി 10.9.12 | 3 |
| 1999-00 | എൽ.എഫ്.എം4/460/05 തീയ്യതി 10.9.12 | 8 |
| 2000-01 | എൽ.എഫ്.എം4/1163/05 തീയ്യതി 10.9.12 | 15 |
| 2001-02 | എൽ.എഫ്.എം4/1611/06 തീയ്യതി 21.08.13 | 10 |
| 2002-03 | എൽ.എഫ്.എം17/1612/06 തീയ്യതി 20.8.10/10.9.12 | 15 |
| 2003-04 (ചെലവ്) | എൽ.എഫ്.എം17/1193//07 തീയ്യതി 10.9.12 | 11 |
| 2004-05 (ചെലവ്) | എൽ.എഫ്.എം17/1194/07 തീയ്യതി 10.9.12 | 3 |
| 2005-06 (ചെലവ്) | എൽ.എഫ്.എം17/1195/07 തീയ്യതി 20.8.10 | 5 |
| 2006-07 (ചെലവ്) | എൽ.എഫ്.എം09/590/13 തീയ്യതി 17.1.13 | 16 |
| 2007-08 (ചെലവ്) | എൽ.എഫ്.എം09/591/10 തീയ്യതി 16.1.13 | 12 |
| 2008-09 (ചെലവ്) | എൽ.എഫ്.എം09/9586/10 തീയ്യതി 29.9.2010 | 19 |
| 2004-05 മുതൽ 2008-09 വരെ (വരവ്) | എൽ.എഫ്.എം04/2421(1)/14 തീയ്യതി 18.11.2014 | 1 |
| 2009-10-2013-14 | കെ.എസ്.എ.എം.പി.എം.8/2576/17 തീയ്യതി 07.03.2015 | 13 |
| 2014-15 | കെ.എസ്.എ. എം.പി.എം 8/2516/15 തീയ്യതി. 30.03.2017 | 15 |
| 2015-16 | കെ.എസ്.എ. എം.പി.എം.8/524/2017 തീയ്യതി 17.03.2017 | 15 |
| 2016-17 | കെ.എസ്.എ. എം.പി.എം.8/2259/18 തീയ്യതി 24-07-2020 | 6 |
| 2017 -18 | കെ.എസ്.എ. എം.പി.എം.8/392/2019 തീയ്യതി 16.08.2019 | 16 |
| 2018 -19 | കെ.എസ്.എ. എം.പി.എം.8/978 തീയ്യതി14.05.2021 | 19 |
| 2019 -20 | കെ.എസ്.എ. എം.പി.എം.8/329/2022/02.09.2022 | 11 |
| 2020-21 | കെ.എസ്.എ. എം.പി.എം.8/330/2022/02.09.2022 | 9 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്